**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പഞ്ചായത്ത് വകുപ്പിൽ ഒരു ഐ.റ്റി സെൽ/ഡിവിഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (കൈ) നം.**126/2019/**തസ്വഭവ തീയതി, തിരുവനന്തപുരം,**15/10/2019.**

---

പരാമർശം :
1. സ.ഉ(കൈ) 28/2008/ITD , തീയതി 26.07.2008.
2. സ.ഉ(കൈ)നം.17/2018/ITD തീയതി 03.08.2018.
3. പഞ്ചായത്ത് ഡയറക്ടറുടെ 03.04.2019 ലെ ഇ 6- 1444/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിരിക്കുന്ന സോഫ്റ്റ് വെയറുകളുടെ മേൽ നോട്ടം തുടങ്ങിയ ചുമതലകളും പഞ്ചായത്ത് ഡയറക്ടറാഫീസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസ് എന്നിവിടങ്ങളിലെ ഐ.റ്റി സംബന്ധമായ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും ഇ-ഓഫീസ് അടക്കമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് വകുപ്പിൽ നടന്നുവരുന്നതിനാലും കേന്ദ്ര പഞ്ചായത്ത് സർക്കാരിന്റെ വിവിധ വെബ് ആപ്ലിക്കേഷനുകൾ നടപ്പാക്കേണ്ട ചുമതലയും ഇ - ഗവേണൻസുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള കാര്യ ശേഷി വികസനവും വകുപ്പ് നടത്തി വരുന്നുള്ളതിനാലും ഐ.റ്റി/ഇ-ഗവണേൻസ് വിഷയങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒരു ഐ.റ്റിസെൽ/ഡിവിഷൻ രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പരാമർശം(2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ ഒരു ഐ.റ്റി സെൽ/ഡിവിഷൻ രൂപീകരിക്കുന്നതിന് അനുമതിക്കായി പരാമർശം(3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം(1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് കൊണ്ട് പഞ്ചായത്ത് വകുപ്പിൽ ഒരു ഐ.റ്റി സെൽ/ഡിവിഷൻ രൂപീകരിക്കുന്നതിനും നിർദ്ദിഷ്ട യോഗ്യതകളും അഭിലഷണീയമായ യോഗ്യതയായ PG Diploma in e-governance ഉള്ളവരും നിലവിൽ പഞ്ചായത്ത് ഡയറക്ടറാഫീസിൽ e-governance പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായ സിസ്റ്റം മാനേജർ തസ്തികയിലുള്ള ശ്രീ.ജി.കെ.സുനിൽ, സീനിയർ ക്ലാർക്ക് ശ്രീ.സജിത്ത് നാസർ എന്നിവരെ പുതുതായി രൂപീകരിക്കുന്ന

ഐ.ടി ഡിവിഷനിലെ മാനേജർ, ഡെപ്യൂട്ടി മാനേജർ എന്നീ തസ്തികകളിൽ യഥാക്രമമായി പുനർവിന്യാസത്തിലൂടെ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഐ.റ്റി സെൽ/ഡിവിഷനിലെ തസ്തികകൾ, പ്രസ്തുത തസ്തികയിൽ നിയമിതരാകുന്നവർക്കുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ ചുവടെ ചേർക്കുന്നു.

**തസ്തികകൾ**

1. മാനേജർ

2. ഡെപ്യൂട്ടി മാനേജർ

**വിദ്യാഭ്യാസ യോഗ്യതകൾ**

i . Engineering/Computer Science/Computer Application/ I.T Networking, Cyber Security or Related Discipline എന്നിവയിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം(Virtual IT Cadre ൽ ഉള്ളവർക്കും e-governance ൽ P.G Diploma ഉള്ളവർക്കും മുൻഗണന )

ii . നിലവിലുള്ള വകുപ്പിൽ കുറഞ്ഞത് 2 വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിരിക്കണം

3. ഐ.റ്റി സെൽ/ഡിവിഷനിൽ നിയമിതരാകുന്നവരുടെ വേതനം പരാമർശം(1) സർക്കാർ ഉത്തരവിലെ വ്യവസ്ഥ (2) പ്രകാരം അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ധന വകുപ്പ് (03.08.2019 ലെ ധെവ 1/56/2019/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്(19.02.2019 ലെ IT Cell-2/36/19/ITD നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ 28/ഇപിഎ 1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ